3241
30/11/18

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ വളവന്നൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഗോപാലകൃഷ്ണൻ നാഗേരിയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.218/2018/തസ്വഭവ                    തീയതി, തിരുവനന്തപുരം, 23.01.2018

---

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 01.10.2013-ലെ ഇ 10(എസ് സി 45/2013/എംപിഎം) 13909/13 നമ്പർ റിപ്പോർട്ട്

2. വിജിലൻസ് (ഇ) വകുപ്പിന്റെ 30.10.2013-ലെ 12444/ഇ 1/2013/വിജി. നമ്പർ കത്ത്

3. 19.12.2013-ലെ 72367/ഇപിബി3/2013/തസ്വഭവ നമ്പർ കുറ്റപത്രം

4. ശ്രീ. ഗോപാലകൃഷ്ണൻ നാഗേരി സമർപ്പിച്ച 19.02.2014-ലെ പ്രതിവാദ പത്രിക

5. പഞ്ചായത്ത് ഡയറക്ടറുടെ 10.09.2014-ലെ ഡി4-923/2014 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, മലപ്പുറം ജില്ലയിലെ വളവന്നൂർ ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1) (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ച അന്വേഷണത്തിൽ കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് നെൽവയൽ നികത്തിയ സ്ഥലത്ത് കെട്ടിട നിർമ്മാണ അനുമതി നൽകിയതായി കണ്ടെത്തുകയുണ്ടായി. തുടർന്ന് ടി ക്രമക്കേടിനുത്തരവാദിയായ വളവന്നൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഗോപാലകൃഷ്ണൻ നാഗേരിയ്ക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ച കുറ്റപത്രത്തിന് ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

നെൽവയൽ നികത്തിയ സ്ഥലത്ത് വാസഗൃഹത്തിന് പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ. ഗോപാലകൃഷ്ണൻ നാഗേരി സമർപ്പിച്ച പ്രതിവാദ പത്രികയിൽ വില്ലേജ് ഓഫീസിൽ നിന്നും നൽകിയ കൈവശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം തോട്ടം എന്ന് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാൻ പെർമിറ്റ് നൽകിയതെന്നും, സെക്രട്ടറിയെന്ന നിലയിൽ എല്ലാ സ്ഥലങ്ങളും പരിശോധിക്കാൻ സാധിക്കാറില്ലെന്നും ഓഫീസിലെ ബന്ധപ്പെട്ട ജീവനക്കാർ സ്ഥലപരിശോധന നടത്തി മാത്രമാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചതിൽ ടി സ്ഥലത്തെ ആധാരപ്രകാരം സ്ഥലം നിലം എന്നാണ് കാണുന്നതെന്നും എന്നാൽ വളവന്നൂർ വില്ലേജ് ഓഫീസർ നൽകിയ 3625/2009 നമ്പർ കൈവശ സർട്ടിഫിക്കറ്റിലെ ശ്രീ. കടവത്ത് അബു ഭാര്യ ബീക്കുട്ടി എന്നിവരുടെ ഉടമസ്ഥതയിലുള്ള 166/1 സർവ്വേ നമ്പറിൽപ്പെട്ട 8.95 സെന്റ് സ്ഥലം തോട്ടം ഇനത്തിലുള്ളതാണെന്ന് ഭൂമിയുടെ തരം രേഖപ്പെടുത്തുന്ന കര-പറമ്പ് എന്ന ഭാഗത്ത് വളരെ വ്യക്തമായി എഴുതുകയും നെൽപ്പാടം എന്ന കോളം ക്രോസ് ചെയ്തിട്ടുള്ളതായും ഇപ്രകാരം കൈവശ സർട്ടിഫിക്കറ്റിൽ വളരെ വ്യക്തമായി തോട്ടം എന്നെഴുതിയതിനാലാണ് സെക്രട്ടറി പെർമിറ്റ് നൽകിയതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ആധാരത്തിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ സെക്രട്ടറി സൈറ്റ് പരിശോധിക്കേണ്ടതായിരുന്നുവെന്നും ഇക്കാര്യം പരിശോധിച്ചിരുന്നുവെങ്കിൽ ഭൂമി നിലം

ഇനത്തിൽപ്പെട്ടതാണെന്ന് ബോധ്യമാകുമായിരുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ 166/1 സർവ്വേ നമ്പറിൽപ്പെട്ട ഭൂമിയിൽ 5 കുടുംബങ്ങൾ ഇപ്രകാരം നെൽവയൽ അനധികൃതമായി നികത്തിയതിൽ 4 കുടുംബങ്ങളോടും നിലം പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ശ്രീ. കടവത്ത് അബു ഭാര്യ ബീക്കുട്ടി എന്നവർക്ക് ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചതാണെന്ന പരിഗണനയിൽ ടിയാളോട് 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തരംമാറ്റ അനുമതി ഉടൻ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും കുറ്റപത്രത്തിൽ പറയുന്ന 24.02.2009-ന് നൽകിയ ബിഎൽ/450/2010 നമ്പർ പെർമിറ്റ് പഞ്ചായത്തിൽ അന്വേഷിച്ചതിൽ കണ്ടെത്താൻ സാധിച്ചില്ലെന്നും കെ.എം.ബി.ആർ രജിസ്റ്ററിൽ 24.02.2010-ന് ബിഎൽ/452/2010 നമ്പറായി പെർമിറ്റ് നൽകിയ വിവരം രേഖപ്പെടുത്തിയത് മാത്രമേ കാണാൻ കഴിഞ്ഞിട്ടുള്ളൂവെന്നും മേൽ സാഹചര്യത്തിൽ വില്ലേജ് ഓഫീസിൽ നിന്നും തോട്ടം ഇനത്തിൽപ്പെട്ട ഭൂമിയാണെന്ന് വളരെ വ്യക്തമായി കൈവശ സർട്ടിഫിക്കറ്റ് നൽകിയതു കാരണമാണ് പെർമിറ്റ് നൽകിയതെന്ന സെക്രട്ടറിയുടെ വാദം അംഗീകരിച്ച് ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. ഗോപാലകൃഷ്ണൻ നാഗേരി സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പാവപ്പെട്ടവർക്ക് വീടുവയ്ക്കുന്നതിന് ധനസഹായം നൽകുന്ന ഐ.എ.വൈ. പദ്ധതിയിൽ ശ്രീ. കടവത്ത് അബു ഭാര്യ ബീക്കുട്ടി എന്നവർക്ക് അനുവദിച്ച വീടിന് നമ്പർ അനുവദിക്കുന്നതിലാണ് സെക്രട്ടറിയ്ക്ക് നോട്ടപ്പിശക് ഉണ്ടായത് എന്ന് കാണുന്നു. കൂടാതെ ടിയാൾക്ക് വില്ലേജ് ഓഫീസിൽ നിന്നും തോട്ടം ഇനത്തിൽപ്പെട്ട ഭൂമിയാണെന്ന് വളരെ വ്യക്തമായി കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകിയത് കാരണമാണ് പെർമിറ്റ് നൽകുവാൻ ഇടയാക്കിയത് എന്ന വാദം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ് എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ വളവന്നൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഗോപാലകൃഷ്ണൻ നാഗേരിയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. ഗോപാലകൃഷ്ണൻ നാഗേരി, മുൻ സെക്രട്ടറി, വളവന്നൂർ ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് (ഇ) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഇ 4/372/2017/വിജി. തീയതി 29.12.2017 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/218/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ